**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4581** **01-07-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ ആകെ 96 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 86 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ആയത് പഞ്ചായത്ത് തിരിച്ച് എണ്ണം ചുവടെ ചേർക്കുന്നു.<br><br>പഞ്ചായത്ത് – എണ്ണം<br>നരിപ്പറ്റ – 7<br>എടച്ചേരി – 12<br>തൂണേരി – 8<br>കായക്കൊടി – 6<br>വളയം – 7<br>ചെക്യാട് – 7<br>വാണിമേൽ – 8<br>നാദാപുരം – 17<br>കാവിലും പാറ – 8<br>മരുതോങ്കര – 6 |
| (ബി) | ഇവയിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2 എണ്ണം.<br>1. വിലങ്ങാട് പട്ടിക വർഗ്ഗ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വാണിമേൽ പഞ്ചായത്ത്.<br>2. വിലങ്ങാട് പട്ടിക വർഗ്ഗ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വാണിമേൽ പഞ്ചായത്ത്. |
| (സി) | പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് അറിയിക്കാമോ; | (സി) | വിലങ്ങാട് പട്ടിക വർഗ്ഗ സഹകരണ സംഘത്തിന് പുനർജ്ജനി പദ്ധതി പ്രകാരം 10,20,000/- രൂപ ഭക്ഷ്യസംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. വിലങ്ങാട് പട്ടിക വർഗ്ഗ |

| | | | |
|---|---|---|---|
| | | | ലേബർ സഹകരണ സംഘത്തിന് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനായും 40 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഗ്രാന്റ്/ സബ്സിഡി എന്നിവ സംഘങ്ങൾക്ക് നൽകി വരുന്നുണ്ട്. |
| (ഡി) | യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിൽ യുവജന സഹകരണ സംഘങ്ങൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഇ) | ഈ മണ്ഡലത്തിൽ പുതിയ യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകുമോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ? | (ഇ) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സഹകരണ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾപ്രകാരം പരിശോധിച്ച് അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ